The Heavenly Light Ministry

തുണയെനിക്കേശുവാം കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൽ മറവിൽ വസിച്ചിടും ഞാൻ തുണ
അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻമതിയാശ്രയിപ്പാൻ... തുണ
പകയന്റെ കണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപ മഴപോൽ... തുണ
ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ... തുണ
വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമെ... തുണ
ആകുലവേളകളിൽ ആപത്തു നാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചിടുവാൻ... തുണ